# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4900**

27.10.2016-ൽ മറുപടിക്ക്

## ഭവനരഹിത കുടുംബങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്താകമാനമുളള ഭവനരഹിത കുടുംബങ്ങൾ എത്ര എന്നും ഇവരിൽ സ്വന്തമായി ഭൂമിയുളള കുടുംബങ്ങൾ എത്ര, ഇല്ലാത്തവർ എത്ര എന്നും വ്യക്തമാക്കുമോ; | (എ) 2013-ലെ ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ആകെ 470606 ഭവനരഹിതരുണ്ട്. ഇതിൽ 179210 പേർ ഭവനരഹിതരും ഭൂരഹിതരുമാണ്. |
| (ബി) ഇവരിൽ ഭവനരഹിതർ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണെന്നും ഇവരിൽ ഓരോ വിഭാഗക്കാരുടേയും പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും ഇവർക്ക് സ്വന്തമായി ഭൂമിയും ഭവനവും ലഭ്യമാക്കാൻ ഈസർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഇവരിൽ സ്ത്രീകൾ കുടുംബനായകത്വം വഹിക്കുന്ന കുടുംബങ്ങൾ, ഒറ്റപ്പെട്ട സ്ത്രീകളുടെ കുടുംബങ്ങൾ, മാനസികമായോ ശാരീരികമായോ വെല്ലുവിളികൾ നേരിടുന്നവരുളള കുടുംബങ്ങൾ, ഗുരുതരമായ രോഗബാധിതരുളള കുടുംബങ്ങൾ, ഒറ്റപ്പെട്ട വൃദ്ധരുടെ കുടുംബങ്ങൾ, കലാപം, പ്രകൃതിദുരന്തം എന്നിവ വഴി വീട്ടു നഷ്ടപ്പെട്ടവർ, ഗാർഹിക പീഢനവിധേയരായ കുടുംബങ്ങൾ തുടങ്ങി ഓരോവിഭാഗത്തിലും പെടുന്ന | (സി) സ്ത്രീകൾ കുടുംബ നാഥയായതും, ഒറ്റപ്പെട്ട സ്ത്രീകളുടെ കുടുംബങ്ങൾ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങൾ, ഗുരുതര രോഗബാധിതരുള്ള കുടുംബങ്ങൾ, കലാപം, പ്രകൃതി ദുരന്തം എന്നിവ മൂലം വീട് നഷ്ടപ്പെട്ടവർ തുടങ്ങിയ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നല്കുന്നുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന് പട്ടികജാതി വിഭാഗത്തിൽ 9668 വീടുകളും, പട്ടിക വർഗ്ഗ വിഭാഗത്തിൽ 4937 വീടുകളും, ന്യൂനപക്ഷ വിഭാഗത്തിന് 9736 വീടുകളും ചേർത്ത് ആകെ |

| | |
|---|---|
| കുടുംബങ്ങൾ എത്രയുണ്ട് എന്നും ഇത്തരം വിഭാഗങ്ങൾക്ക് അടിയന്തര പ്രാധാന്യം നൽകി വീടും ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകുവാനും ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | 24341 വീടുകളാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. പൊതു വിഭാഗത്തിന് വീടുകൾ അനുവദിക്കാത്തതിനാൽ 10,000 വീട് ഈ വിഭാഗത്തിൽ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

സ്വന്തമായി ഭൂമിയും വീടുമില്ലാത്തവർക്ക് ഭവന നിർമ്മാണ ബോർഡ് സാഫല്യം ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### സാഫല്യം ഭവന പദ്ധതി

ദുർബലവിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടു കൂടിയും പഞ്ചായത്തുകളുടേയും സന്നദ്ധ സംഘടന/കാരുണ്യവാൻമാരായ വ്യക്തികളുടേയും സഹകരണത്തോടെയും ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിലൂടെ ലഭ്യമാകുന്നുണ്ട്. സാഫല്യം പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തികഘടന പ്രകാരം 327 ച.അടി (സർവീസടക്കം) വിസ്തീർണ്ണം വരുന്ന ഫ്ളാറ്റിന്റെ 3.50 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000 രൂപ സന്നദ്ധ സംഘടന/സ്പോൺസർ വിഹിതവും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഹഡ്കോ വായ്പ തുകയ്ക്ക് സമാനമായ ഒരുലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരം സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽ 44,066, പട്ടികവർഗ്ഗ വിഭാഗത്തിൽ 13,200, പൊതു വിഭാഗത്തിൽ 1,12,095 എന്നിങ്ങനെ ആകെ 1,69,361 ഭവനരഹിതരുണ്ടെന്ന് താഴെപ്പറയും പ്രകാരം കണക്കാക്കിയിട്ടുണ്ട്.

| Sl. No. | Name of District | No. of Beneficiaries in the Auto generated Priority list from Awaas soft | | | |
|---|---|---|---|---|---|
| | | SC | ST | Others | Total |
| 1 | Thiruvananthapuram | 7152 | 1088 | 18118 | 26358 |
| 2 | Kollam | 5261 | 244 | 7961 | 13466 |
| 3 | Pathanamthitta | 3558 | 164 | 3767 | 7489 |
| 4 | Alappuzha | 2791 | 81 | 7816 | 10688 |
| 5 | Kottayam | 1061 | 150 | 3575 | 4786 |
| 6 | Idukki | 1045 | 2013 | 3193 | 6251 |
| 7 | Ernakulam | 2134 | 506 | 3832 | 6472 |
| 8 | Thrissur | 5642 | 114 | 10740 | 16496 |
| 9 | Palakkad | 6208 | 1590 | 16332 | 24130 |
| 10 | Malappuram | 2888 | 458 | 11414 | 14760 |
| 11 | Kozhikkode | 4790 | 350 | 14186 | 19326 |
| 12 | Wayanad | 342 | 3305 | 2362 | 6009 |
| 13 | Kannur | 455 | 1125 | 4494 | 6074 |
| 14 | Kasaragod | 739 | 2012 | 4305 | 7056 |
| Total | | 44066 | 13200 | 112095 | 169361 |

ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 24,341 ഭവനങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ